# ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(رحمه الله)യും വിവിധ വിജ്ഞാനങ്ങളും

എൻ.വി. ഇബ്രാഹിം സാഹിബ് (رحمه الله)

അൽമനാർ ഡിസംബർ 1981 : പേജ് 19 - 27

**തർക്കശാസ്ത്രം** (المنطق)

തർക്കശാസ്ത്രവും അതിന്റെ പ്രത്യേകതകളും അങ്ങേയറ്റം പഠിച്ച ശേഷമാണ് തർക്കശാസ്ത്രത്തെ ഖണ്ഡിക്കുവാനും അതിന്റെ അർത്ഥ ശുന്യതയെ ചോദ്യം ചെയ്യുവാനും ശൈഖുൽ ഇസ്‌ലാം ആരംഭിച്ചത്. كتاب الرد على المنطقيين (താർക്കികന്മാർക്ക് ഒരു ഖണ്ഡനം) എന്ന ഒരു പുസ്തകം തന്നെ അദ്ദേഹം എഴുതി. അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരിൽ പലരും പറഞ്ഞിട്ടുള്ളത്, തർക്കശാസ്ത്രത്തിന്റെ അപാകതകൾ നീക്കി അഭിനവ തർക്ക ശാസ്ത്രത്തിന്ന് അടിത്തറയിട്ടത് തന്നെ അദ്ദേഹമാണെന്നാണ്. മൗലാനാ അബ്ദുൽ ഹസൻ അലി നദ്‌വി അദ്ദേഹത്തെ അഭിനവ തർക്കശാസ്ത്രത്തിന്റെ പിതാവ് എന്നാണ് വിളിച്ചിട്ടുള്ളത്. തർക്കശാസ്ത്രത്തെ സംബന്ധിച്ചദ്ദേഹം പറഞ്ഞിട്ടുള്ളത് നമുക്ക് പരിശോധിക്കാം.

> **...ബുദ്ധിപരമായ തെളിവുകൾ എല്ലാ കാര്യങ്ങൾക്കും അണിനിരത്താൻ ആരെക്കൊണ്ടുമാവുകയില്ല. ഖുർആനും സുന്നത്തും അല്ലാഹുവിന്റെ മതത്തിന്റെ അടിസ്ഥാനങ്ങളായി സ്വീകരിച്ചു കഴിഞ്ഞാൽ അവയെ തർക്കശാസ്ത്രത്തിന്റെ മൂശയിലിട്ട് പരിശോധിക്കേണ്ടതില്ലെന്നും അവ ചോദ്യം കൂടാതെ സ്വീകരിക്കുകയെന്നതാണ് സത്യവിശ്വാസിയുടെ കടമയെന്നതുമാണ് ശൈഖുൽ ഇസ്‌ലാമിന്റെ അഭിപ്രായം..**

ഒരു മുസ്‌ലിം പണ്ഡിതൻ അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട വിജ്ഞാനങ്ങളിൽ തർക്കശാസ്ത്രം ആദ്യമായി ഉൾപ്പെടുത്തിയത് അബൂഹാമിദിൽ ഗസ്സാലി(റ)യാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളോ, ഖുർആനോ മനസ്സിലാക്കാൻ, ഇസ്‌ലാമിനെസ്സംബന്ധിച്ചു പഠിക്കാൻ ഇതിന്റെ ആവശ്യമില്ല. അതു സത്യാസത്യങ്ങൾ തുലനം ചെയ്യാൻ സഹായിക്കില്ല. നേരെ മറിച്ച് അതുപയോഗിക്കുന്നത്, ശരിയല്ലാത്ത തുലാസുപയോഗിച്ച് തൂക്കം കണക്കാക്കുന്നത് പോലെയാണ്. ഈ ശാസ്ത്രം പഠിച്ചാൽ മാത്രമേ അല്ലാഹുവിന്റെ ആസ്തിക്യവും തൗഹീദും മനസ്സിലാകുകയുള്ളു എന്നു പറയുന്നതിന്റെ അർത്ഥ ശൂന്യത, ഇതിന്റെ സഹായം കൂടാതെ സഹാബത്തും താബിഉകളും ശുദ്ധമായ തൗഹീദു മനസ്സിലാക്കി എന്നു സമർത്ഥിച്ചുകൊണ്ട് [തർക്കശാസ്ത്രത്തിന്റെ നിരർത്ഥകത] അദ്ദേഹം വെളിച്ചത്തുകൊണ്ടുവരുന്നു. തർക്കശാസ്ത്രം ഇസ്‌ലാമിന്റെ അടിത്തറയാണെന്നു പറയുന്നവരെ അദ്ദേഹം കളിയാക്കുന്നു. ബുദ്ധിമാനായ ഒരാൾക്കിതിന്റെ ആവശ്യമേ ഇല്ല. ബുദ്ധിയില്ലാത്തവന്നതുകൊണ്ട് ഗുണവുമില്ല. പ്രഥമ ചിന്തയിൽ ഇതിലെ[തർക്കശാസ്ത്രത്തിലെ] ചില നിഗമനങ്ങൾ സത്യമാണെന്ന് തോന്നുമെങ്കിലും സൂക്ഷ്മപരിശോധനയിൽ അവ തനി വിഡ്ഢിത്തങ്ങളാണെന്ന് കണ്ടെത്താൻ പ്രയാസമില്ല. ഈ വസ്തുത ബോദ്ധ്യപ്പെടുത്താനായി ശൈഖുൽ ഇസ്‌ലാം صريح المعقول لصحيح المنقول എന്ന ഗ്രന്ഥമെഴുതുകയുണ്ടായി, പിന്നീട് അദ്ദേഹം അല്ക്സാണ്ടറിയിൽ

തടവുകാരനായിരിക്കുമ്പോൾ ഹിജ്റ 709 ൽ ആണ് ''താർക്കികന്മാർക്ക് ഖണ്ഡനം'' എന്ന പുസ്തകമെഴുതിയത്.

ചിന്താപരമോ കർമ്മപരമോ ആയ യാതൊരുപകാരവും ഈ തർക്കശാസ്ത്രംകൊണ്ട് കിട്ടുകയില്ല. ഭൂമുഖത്ത് ഒരു ശാസ്ത്രവും–മതപരമോ ലൗകീകമോ ആയ ഒന്നും – ഈ ശാസ്ത്രത്തിന്റെ സഹായത്താൽ പൂർണ്ണതയിലെത്തിയിട്ടില്ല, എത്തുകയുമില്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇമാം ഗസ്സാലിയെപ്പോലെയുള്ള അശ്അരീ പണ്ഡിതന്മാർ എല്ലാകാര്യങ്ങളും ബുദ്ധിപരമായ തെളിവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തണം എന്ന അഭിപ്രായക്കാരാണ്. അങ്ങനെ ബുദ്ധിപരമായ തെളിവുകൾ എല്ലാ കാര്യങ്ങൾക്കും അണിനിരത്താൻ ആരെക്കൊണ്ടുമാവുകയില്ല. ഖുർആനും സുന്നത്തും അല്ലാഹുവിന്റെ മതത്തിന്റെ അടിസ്ഥാനങ്ങളായി സ്വീകരിച്ചു കഴിഞ്ഞാൽ അവയെ തർക്ക ശാസ്ത്രത്തിന്റെ മൂശയിലിട്ട് പരിശോധിക്കേണ്ടതില്ലെന്നും അവ ചോദ്യം കൂടാതെ സ്വീകരിക്കുകയെന്നതാണ് സത്യവിശ്വാസിയുടെ കടമയെന്നതുമാണ് ശൈഖുൽ ഇസ്ലാമിന്റെ അഭിപ്രായം. ബുദ്ധിയുടെ ഉപയോഗം ഇവ മനസ്സിലാക്കുന്നതിലാണ്, അവയിൽ പറഞ്ഞ കാര്യങ്ങളുടെ ആന്തരകാരണങ്ങളും മറ്റും വിശകലനം ചെയ്യാൻ മനുഷ്യ മനസ്സുകൾക്ക് കഴിയുകയില്ലെന്നും അവ മനസ്സിലാക്കുകയും വിശ്വസിക്കുകയും മാത്രമാണ് സത്യവിശ്വാസിയുടെ ബാദ്ധ്യത എന്നുമാണ് ശൈഖുൽ ഇസ്ലാം സമർത്ഥിക്കുന്നത്. ഒരു കാര്യം അറിഞ്ഞതിനുശേഷം അത് ബുദ്ധിയോടിണങ്ങുന്നു; അറിയുന്നതിനുമുമ്പ് അത് ബുദ്ധിയോടിണങ്ങുന്നില്ല.. അതുകൊണ്ട് കാര്യങ്ങൾ അറിയുവാനും മനസ്സിലാക്കുവാനും ശ്രമിക്കുക, അപ്പോൾ അവ ബുദ്ധിപൂർവ്വകങ്ങളാകും.

ഈ വിഷയകരമായ ചർച്ച തൽക്കാലം ഇവിടെ നിറുത്തി ക്രിസ്ത്യാനികളുടെ വാദങ്ങളെ അദ്ദേഹം എങ്ങനെ ഖണ്ഡിച്ചുവെന്നത് പരിശോധിക്കാം..

## ശൈഖുൽ ഇസ്ലാമും ക്രസ്ത്യാനികളുടെ വാദങ്ങളും

ക്രിസ്ത്യാനികളുടെ വിശ്വാസങ്ങളെന്തന്നും അവ അവർക്ക് എവിടെനിന്നു കിട്ടിയെന്നും അവ എത്രകണ്ട് വിശ്വസനീയമാണെന്നും ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ തന്റെ الجواب الصحيح لمن بدل دين المسيح എന്ന ഗ്രന്ഥത്തിൽ വളരെ ഭംഗിയായി വിവരിച്ചിട്ടുണ്ട്. നാലു ഭാഗങ്ങളുള്ള ബൃഹത്തായ ഈ ഗ്രന്ഥത്തിനു തുല്യമായി ഈ വിഷയത്തിൽ മറ്റൊരു ഗ്രന്ഥമില്ലെന്നും പണ്ഡിതലോകം സമ്മതിച്ചിട്ടുണ്ട്. ''ഇബ്നുതൈമിയ ഇവിടെ വിട്ടുപോയ വസ്തുക്കളിൽ മനോഹരവും ശാശ്വതവുമായ സ്മാരകമാണ് ഈ ഗ്രന്ഥം.'' എന്നു അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ മുഹമ്മദ് അബൂ സുഹ്റ പറയുന്നു. ഇസ്ലാമെന്താണെന്ന് മറ്റുള്ളവരെ, പ്രത്യേകിച്ചു ക്രസ്ത്യാനികളെ മനസ്സിലാക്കാൻ ഈ ഗ്രന്ഥം ലക്ഷ്യം വെക്കുന്നുവെന്നതും, ക്രസ്ത്യാനികളുടെ ഗ്രന്ഥങ്ങൾ പഠിച്ചു അവ സത്യസന്ധമായി റിപ്പോർട്ട് ചെയ്തു അതിനെ വിവിധ മുഖങ്ങളിൽകൂടി ഖണ്ഡിക്കുന്നുവെന്നതും ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്.

അന്തോക്ക്യായിലെ [Antioch][1] ആർച്ച് ബിഷപ്പ് പോൾ എഴുതിയ ഒരു പുസ്തകത്തിന് ഖണ്ഡനമായിട്ടാണ് പ്രസ്തുത ഗ്രന്ഥമദ്ദേഹം രചിച്ചത്. പോളിന്റെ ഗ്രന്ഥത്തിലെ വാദമുഖങ്ങൾ തന്നെ അണിനിരത്തി അവയെ ഖണ്ഡിക്കുന്നുവെന്നതാണ് അദ്ദേഹം സ്വീകരിച്ച രീതി. ആർച്ചുബിഷപ്പ് പ്രധാനമായ നാലു വാദമുഖങ്ങളാണ് അണിനിരത്തിയത്.

1. മുഹമ്മദ് നബി(ﷺ) നിയോഗിക്കപ്പെട്ടത് അറബികൾക്ക് മാത്രമുള്ള പ്രവാചകനായിട്ടാണ്. ക്രസ്ത്യാനികളെ ഉദ്ദേശിച്ചല്ല. അതു സൂചിപ്പിക്കുന്ന ഖുർആൻ വാചകങ്ങളുണ്ട്.

---

[1] തുർക്കിയിലെ ഒരു നഗരമാണ് അന്തോക്കിയ.

2. ക്രിസ്തു മതത്തെ ഖുർആനിൽ സ്തുതിച്ചിരിക്കുകയാണ്. ക്രിസ്തുമതത്തെത്തന്നെ വീണ്ടും അംഗീകരിക്കുകയാണിതുമൂലം ചെയ്തത്.

3. ത്രിയേകത്വം, ദൈവപുത്രസിദ്ധാന്തം മുതലായവ ഇഞ്ചീലും സബൂറും തൗറാത്തും അംഗീകരിക്കുന്നു. ബുദ്ധിപൂർവ്വമായ തെളിവുകൾകൊണ്ട് ഇവ സ്ഥാപിക്കാം.

4. മതപരമായ അടിസ്ഥാനത്തിലും ബുദ്ധിയുടെ നിയമപ്രകാരവും അവർ ആചരിച്ചു വരുന്നത് ശരിയാണ്.

ഈ അടിസ്ഥാനങ്ങളെ രേഖകളുദ്ധരിച്ചുകൊണ്ട് അദ്ദേഹം ഖണ്ഡിക്കുന്നു. അതിനു ശേഷം ഇസ്ലാമിന്റെ പ്രത്യേകതയും അന്ത്യമതം ഇസ്ലാമാണെന്നും സ്ഥാപിക്കുന്നു. അവസാനമായി ജൂതമതം, ക്രസ്ത്യൻമതം, ഇസ്ലാം മതം ഇവ തമ്മിലുള്ള ഒരു താരതമ്യപഠനം കൂടി ഈ ഗ്രന്ഥത്തിൽ നടത്തിയിരിക്കുന്നു. എല്ലാവരും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണ് കൂടുതൽ വിവരങ്ങൾക്ക് പ്രസ്തുത ഗ്രന്ഥം വായിക്കുക.

## ശൈഖുൽ ഇസ്ലാമും മുൻഗാമികളും

ഇബ്നു തൈമിയ്യക്ക് അദ്ദേഹത്തിന്റെ മുമ്പുള്ള പണ്ഡിതന്മാരോട് പല കാര്യങ്ങളിലും ഭിന്നാഭിപ്രായമുണ്ട്. പലതും ഖണ്ഡിച്ചിട്ടുണ്ട്. ഇതുകൊണ്ട് മുൻകാല പണ്ഡിതന്മാരെ സംബന്ധിച്ചു ജനങ്ങൾക്കു മതിപ്പു കുറയുന്നതോ അവരെ സംബന്ധിച്ചു തെറ്റിദ്ധാരണയുണ്ടാകുന്നതോ അദ്ദേഹത്തിനൊട്ടും ഇഷ്ടമുള്ള കാര്യങ്ങളല്ല. ഇങ്ങനെ മറ്റുള്ളവരുടെ മതിപ്പു കുറയാതിരിക്കാൻ അവരുടെ അഭിപ്രായങ്ങൾ എന്തുകൊണ്ടു തെറ്റിപ്പോയെന്ന് സാധാരണക്കാരനായ മുസ്ലിമിനെ മനസ്സിലാക്കാനായി മാത്രമദ്ദേഹം ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിന്റെ പേർ رفع الملام عن الأئمة الأعلام . പ്രസ്തുത പുസ്തകത്തിൽ ആ പണ്ഡിതന്മാരെ രക്ഷിക്കാൻ അദ്ദേഹം അവരുടെ വക്തവായി രംഗത്തുവരുന്നു. മദ്ഹബുകളുടെ നേതാക്കളായ നാലു ഇമാമുകളാണ് ആദ്യമായി അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചത്. അദ്ദേഹം പറയുന്നു: ''സമുദായം പണ്ഡിത നേതാക്കളായി അംഗീകരിച്ച ആരും റസൂൽ(ﷺ) യുടെ തീരുമാനങ്ങൾക്കെതിരായി അണുമണിത്തൂക്കം പ്രവർത്തിക്കില്ല. അവരുടെ അഭിപ്രായത്തിനെതിരായി ഹദീസു കിട്ടിയാൽ, കണ്ടാൽ അവരുടെ അഭിപ്രായം ഉപേക്ഷിക്കുന്നതിൽ ശങ്കിക്കുന്നവരായിരുന്നില്ല അവർ.'' പക്ഷെ അവരിൽ പലരും ഹദീസിനെതിരായി അഭിപ്രായം പറഞ്ഞിട്ടുണ്ടല്ലോ എന്ന ചോദ്യത്തിന് അദ്ദേഹം വിശദമായി മറുപടി പറയുന്നു. പ്രവാചക(ﷺ)നെ തുടരണമെന്ന കാര്യത്തിൽ അവർക്ക് അഭിപ്രായ വിത്യാസമില്ല പിന്നെ, അവരുടെ ചില അഭിപ്രായങ്ങൾ ഹദീസിന്നെതിരാകാൻ ചില കാരണങ്ങളുണ്ട്. അവ പരിശോധിക്കാം.

കാരണങ്ങളിലൊന്ന്, നബി(ﷺ) പറഞ്ഞതാണ് പ്രസ്തുത കാര്യം എന്നതിനെസ്സംബന്ധിച്ച അറിവില്ലായ്മയാണ്. ഹദീസ് ഒരു പക്ഷെ അവർക്ക് കിട്ടാതിരുന്നതായിരിക്കാം കാരണം. ഇതു നബി(ﷺ)യുടെ ജീവിതകാലത്തും സംഭവിച്ചിരിക്കും. നബിയുടെ സദസ്സിൽ ഒരു പ്രത്യേക സന്ദർഭത്തിൽ സന്നിഹിതരായവർ, അന്നേദിവസം നബി പറഞ്ഞ കാര്യങ്ങൾ, ഫത്വകൾ, തീരുമാനങ്ങൾ, ഉപദേശങ്ങൾ എല്ലാം പലരിലേക്കും എത്തിച്ചിരിക്കും. പക്ഷേ എല്ലാവരും അത് അറിഞ്ഞിരിക്കുകയില്ല. പിന്നീടുള്ള സദസ്സുകളിൽ പങ്കെടുത്തവർ മറ്റു ചിലരായിരിക്കും. ചിലർ വന്നിരിക്കും, ചിലർ വന്നിരിക്കില്ല. അന്നെത്തെതും ഇതേപ്രകാരം തന്നെ. അങ്ങനെ, സഹാബികളുടെയിടയിലും മുഴുവൻ വിവരവും അറിഞ്ഞവരുണ്ടായിരിക്കില്ല. അങ്ങനെ നബി(ﷺ)യുടെ സന്തത സഹചാരികൾ പണ്ഡിതന്മാരായിത്തീരുന്നു. അല്ലാത്തവർ മറ്റുള്ളവരിൽനിന്നു കിട്ടിയ വിവരങ്ങളും ഖുർആനും അനുസരിച്ചു പ്രവർത്തിക്കുന്നു. തദ്ഫലമായി ഹദീസുകൾ ലഭിക്കാത്തവർ സഹാബത്തിന്റെ കൂട്ടത്തിൽത്തന്നെയുണ്ടാവുന്നു. നബി(ﷺ)യുടെ പല ഹദീസുകളിലും ''ഞാനും അബൂബക്കറും ഉമറും അവിടെ ചെന്നു'' അല്ലെങ്കിൽ ''പോയി'' എന്നിങ്ങനെ പറയുന്നതിൽ നിന്നു നബി(ﷺ)യുടെ കൂടെ

നിരന്തരം നിന്നവരാണ് ഈ സഹാബി വര്യന്മാരെന്നു മനസ്സിലാക്കാം. എന്നിട്ടും അബൂബക്കർ സിദ്ദീഖ്(ﷺ)ന്റെ ഖിലാഫത്ത് കാലത്ത്, പിതാമഹിക്ക് (ഉമ്മാമക്ക്) മറ്റുള്ളവരുടെ അഭാവത്തിൽ സ്വത്തവകാശമുണ്ടാകുമോ എന്ന സംശയം അദ്ദേഹത്തിന്റെ മുന്നിൽ ഉന്നയിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, ''എനിക്കറിയുകയില്ല, സദസ്സിലുള്ള മറ്റു വല്ലവർക്കും വല്ല വിവരവുമുണ്ടോ എന്ന് അന്വേഷിപ്പിക്കേണ്ടതാണ്.'' എന്നാണ്. അങ്ങനെ അന്വേഷിച്ചതായും തത്സമയം മുഗീറത്തുബ്നു ശുഅ്ബ(ﷺ) മുഹമ്മദ്ബ്നുമസ്‌ലമത് തുടങ്ങിയ സഹാബികൾ നബി(ﷺ), അവർക്ക് ആറിലൊന്ന് സ്വത്തു നൽകിയിട്ടുണ്ടെന്ന് സാക്ഷ്യം വഹിച്ചു എന്നും റിപ്പോർട്ടുണ്ട്. ഇതെല്ലാം കാണിക്കുന്നതും ഹദീസ് കിട്ടാതിരിക്കുക എന്നതുണ്ടാവുമെന്നാണ്. ഇപ്രാകാരമുള്ള ധാരാളം സംഭവങ്ങൾ ശൈഖുൽ ഇസ്‌ലാം ഉദ്ധരിക്കുന്നു. അങ്ങനെ, ഹദീസു കിട്ടാതിരിക്കുക എന്നതൊരു പോരായ്മയല്ലെന്നും, അത്തരം സന്ദർഭങ്ങളിൽ ഉള്ള വിവരം വച്ചു തീരുമാനമെടുക്കുന്ന സമ്പ്രാദായം സഹാബത്തിനു തന്നെയുണ്ടായിരുന്നുവെന്നുമദ്ദേഹം തെളിയിക്കുകയാണ്. സഹാബത്തിന്റെ കാര്യം അങ്ങനെയാണെങ്കിൽ മദ്ഹബിന്റെ ഇമാമുകൾ ഹദീസ് കിട്ടാത്ത സന്ദർഭത്തിൽ എടുത്ത തീരുമാനങ്ങളിൽ അവരെ കുറ്റപ്പെടുത്തേണ്ടതില്ലെന്നാണദ്ദേഹം സ്ഥാപിക്കുന്നത്. നാലു മദ്ഹബിന്റെയും ഇമാമുകളിലാരും തങ്ങൾ പറയുന്നത് മാത്രമാണ് ശരിയെന്ന് പറഞ്ഞിട്ടില്ല. തങ്ങൾ പറഞ്ഞത് ശരിയല്ലെന്ന് ബോധ്യപ്പെട്ട സന്ദർഭങ്ങളിൽ അവർ മാറിയിട്ടുണ്ട്. അതുകൊണ്ട് മദ്ഹബുകളിലെ വൈവിധ്യത്തിനും ഓരോ മദ്ഹബും ശരിയാണെന്ന വിശ്വാസത്തോടെ അതിന്റെ അനുയായികൾ അനുഷ്ഠാനങ്ങൾ നടത്തുന്നതിനും കാരണക്കാർ പിൽക്കാലത്തുവന്ന പക്ഷപാതികളായ പണ്ഡിതന്മാരാണ്. അല്ലാതെ ഇമാമുകളല്ല എന്നാണ് പ്രസ്തുത ഗ്രന്ഥത്തിലൂടെ സമർത്ഥിക്കുവാൻ അദ്ദേഹം ഉദ്ദേശിച്ചത്. അതിൽ അദ്ദേഹം വിജയിച്ചിട്ടുണ്ടെന്ന് ആ പുസ്തകം വായിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്.